No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2018

## മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

## ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്

സംസ്ഥാനത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് ഉൾപ്പെടെയുള്ള മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **07.08.2018–ന്** ആരംഭിക്കുന്നതാണ്. ഈ ഘട്ടത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള സീറ്റുകളിലേയ്ക്കും അഖിലേന്ത്യാ ക്വാട്ടയിൽ നിന്നും സംസ്ഥാന ക്വാട്ടയിലേയ്ക്ക് തിരികെ ലഭിച്ചേയ്ക്കാവുന്ന എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്കും മെഡിക്കൽ & അനുബന്ധ വിഭാഗത്തിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള ഏതാനും കോളേജുകളിലേയ്ക്കും അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രസ്തുത അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിരിക്കണം. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനുമുള്ള സൗകര്യം **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **11.08.2018 (ശനിയാഴ്ച) രാവിലെ 10 മണി**വരെ ലഭ്യമാകുന്നതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഫെസിലിറ്റേഷൻ സെന്ററുകൾ** (FC) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് സ്വീകരിക്കാത്തവരുടെയും പ്രവേശനം നേടിയ ശേഷം വിടുതൽ വാങ്ങിയവരുടെയും ഒന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം നിലവിലുണ്ടായിരുന്ന ഹയർ ഓപ്ഷനുകൾ റദ്ദായിട്ടുണ്ട്. കൂടാതെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ അഖിലേന്ത്യാ ക്വാട്ടയിൽ പ്രവേശനം നേടിയിരിക്കുന്നവരുടേതായി മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റി പട്ടിക നൽകുന്ന പക്ഷം പ്രസ്തുത പട്ടികയിലുള്ള വിദ്യാർത്ഥികളെ സംസ്ഥാനത്തെ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെ ഓൺലൈൻ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും, ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുമുള്ള സൗകര്യം വെബ്സൈറ്റിൽ **11.08.2018 (ശനിയാഴ്ച) രാവിലെ 10 മണി**വരെ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനകം ലഭ്യമാകുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാമത്തെ ഓൺലൈൻ അലോട്ട്മെന്റ് **12.08.2018–ന്** പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതിലൂടെ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ളതും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതുമായ ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **13.08.2018** മുതൽ **17.08.2018** വരെ തീയതികളിൽ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റോഫീസ് മുഖാന്തിരമോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കിയ ശേഷം **17.08.2018 വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി അതത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ഫീസ് ഒടുക്കാൻ സൗകര്യമുള്ള ഹെഡ് പോസ്റ്റ് ഓഫീസുകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്.

**മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| 07.08.2018 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 11.08.2018 (10 am) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **12.08.2018** | **രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 13.08.2018 to 17.08.2018 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് വഴിയോ, ഓൺലൈനായോ ഫീസ്/ബാക്കി തുക(ബാധകമെങ്കിൽ) ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 17.08.2018 (5 pm) | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളിലേയ്ക്ക് പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്. മുൻപ് അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. നിശ്ചിത സമയത്തിനകം മേൽപറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.** എന്നാൽ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ ഒഴിവുവന്ന സീറ്റുകൾ നികത്തുന്നതിനുള്ള ഓൺലൈൻ അലോട്ട്മെന്റിന് മുൻപായി മെഡിക്കൽ & അനുബദ്ധ കോഴ്സുകളിലേയ്ക്കും ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനുള്ള വെബ്സൈറ്റ് സൗകര്യം ലഭ്യമായിരുന്ന 23.07.2018 മുതൽ 26.07.2018 വരെയുള്ള തീയതികളിൽ മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കായി ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയിട്ടുള്ള വിദ്യാർത്ഥികൾ ഈ അലോട്ട്മെന്റിനായി വീണ്ടും വെബ്സൈറ്റിലൂടെ കൺഫർമേഷൻ നടത്തേണ്ടതില്ല. മുൻ അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച് ഇപ്പോൾ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്നവർ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത പക്ഷം അവരുടെ നിലവിലെ അഡ്മിഷൻ നിലനിർത്തുന്നതായിരിക്കും.

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഉൾപ്പെടുത്താതിരുന്ന താഴെപ്പറയുന്ന കോളേജുകളിലേയ്ക്ക് ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

| Sl. No | College Code | Name of College | Tuition Fees 85% seats | Tuition Fees 15% NRI seats |
|---|---|---|---|---|
| **Private Self Financing Medical Colleges [MBBS]** | | | | |
| 1 | KCM | KMCT Medical College, Mukkom, Kozhikode | Rs.5,54,000/- | Rs. 20,00,000/- |
| 2 | AZC | Azeezia Institute of Medical Science and Research, Meyyannoor P O, Kollam | Rs.5,60,000/- | Rs. 20,00,000/- |
| 3 | SMC | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram | Rs.5,60,000/- | Rs. 20,00,000/- |
| 4 | SUC | SUT Academy of Medical Sciences, Vattappara, Thiruvananthapuram | Rs.5,32,000/- | Rs. 20,00,000/- |
| **Private Self Financing Dental Colleges [BDS]** | | | | |
| 1 | *AAD | Al-Azhar Dental College, Perumpillichira P O, Thodupuzha, Idukki | Rs. 3,04,500/- | Rs. 6,00,000/- |
| 2 | IGD | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam | Rs. 3,04,500/- | Rs. 6,00,000/- |
| 3 | KAD | Kannur Dental College, Anjarakandy, Kannur | Rs. 3,04,500/- | Rs. 6,00,000/- |
| **Private Self Financing Ayurveda Medical Colleges [BAMS]** | | | | |
| 1 | AHA | Ahalia Ayurveda Medical College, Elippara, Kozhipara, Palakkad | Rs. 1,89,000/- | Not allotted by CEE |
| 2 | KMA | KMCT Ayurveda College, Kozhikode | Rs. 1,89,000/- | Not allotted by CEE |
| 3 | MAM | Mannam Ayurveda Co-operative Medical College, Pandalam, Pathanamthitta | Rs. 1,89,000/- | Not allotted by CEE |
| 4 | PKJ | Pankajakasthuri Ayurveda Medical College, Kattakada P O, Thiruvananthapuram | Rs. 1,89,000/- | Not allotted by CEE |
| 5 | PPA | P N Panicker Souhruda Ayurveda Medical College, Parakalai P O, Anandhashram via, Kasargode | Rs. 1,89,000/- | Not allotted by CEE |
| 6 | SGA | Santhigiri Ayurveda Medical College, Olassery P O, Kodumbu Via, Palakkad – 678 551 | Rs. 1,89,000/- | Not allotted by CEE |
| 7 | SNA | Sree Narayana Institute of Ayurvedic Studies & Research, Karimpinpuzha P O, Pangode, Puthur, Kollam | Rs. 1,89,000/- | Not allotted by CEE |
| 8 | VSH | Vishnu Ayurveda College, Govt. Press P O, Shornur, Palakkad | Rs. 1,89,000/- | Not allotted by CEE |
| **Government Homoeopathic Medical Colleges [BHMS]** | | | | |
| 1 | #KKH | Government Homoeopathic Medical College, Karaparamba P O, Kozhikode-10 | 100% seats **Rs. 2,087/-** | |
| 2 | #TVH | Government Homoeopathic Medical College, Iranimuttam, Manacaud P O, Thiruvananthapuram-695009 | 100% seats **Rs. 2,087/-** | |
| **Aided Homoeopathic Medical Colleges [BHMS]** | | | | |
| 1 | *EKH | Dr. Padiyar Memorial Homoeopathic Medical College, Chottanikkara P O, Ernakulam | 100% seats **Rs. 2,087/-** | |
| 2 | *KTH | Athurasramam NSS Homoeopathic Medical College, Sachivothamapuram P O, Kottayam | 100% seats **Rs. 2,087/-** | |
| **Agriculture College under Kerala Agricultural University [B.Sc (Hons) Agriculture]** | | | | |
| 1 | COW | College of Agriculture, Ambalavayal, Wayanad | **Rs.7,500/-** (Per Semester Tuition Fee) | |

*** ഈ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് താത്കാലികവും ബഹു.കേരള ഹൈക്കോടതിയുടെ നം. 19311/2018, 17654/2018, 17523/2018 എന്നീ റിട്ട് പെറ്റിഷനുകളിന്മേലുള്ള അന്തിമ തീർപ്പിന് വിധേയവുമായിരിക്കും.**

**# ഈ രണ്ട് കോളേജുകളെ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താത്കാലികമായി ഉൾപ്പെടുത്തിയിട്ടുണ്ട്.**

**കുറിപ്പ്:**

*1) ബഹു. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി* **(AFRC)** *യുടെ 25.07.2018 ലെ ഉത്തരവിന്റെയും തുടർന്ന് 27.07.2018 ന് കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ കണ്ണൂർ അഞ്ചരക്കണ്ടി കണ്ണൂർ മെഡിക്കൽ കോളേജ് എന്ന സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിനെ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.*

***2) അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ/നിലനിർത്താൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.***

***3) മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാൻ താത്പര്യമില്ലാത്ത വിദ്യാർത്ഥികൾ അവരുടെ ഓപ്ഷനുകൾ നിലവിലുണ്ടെങ്കിൽ അവ നിർബന്ധമായും റദ്ദാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.***

***4) വിവിധ കാരണങ്ങളാൽ റാങ്ക് ലിസ്റ്റുകളിൽ ഫലം തടഞ്ഞുവച്ചിട്ടുള്ള വിദ്യാർത്ഥികൾക്കും ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഈ വിദ്യാർത്ഥികൾ 10.08.2018 ന് വൈകുന്നേരം 5 മണിക്കു മുൻപായി ഫലം പ്രസിദ്ധപ്പെടുത്തുന്നതിനാവശ്യമായ രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കാത്ത പക്ഷം അവരുടെ ഓപ്ഷനുകൾ അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല.***

**ടോക്കൺ ഡെപ്പോസിറ്റ്**

പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി/രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ടോക്കൺ ഡെപ്പോസിറ്റായി **1,000/- രൂപ** അടച്ച ശേഷം നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോഴ്സിൽ/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനും സർക്കാർ അനുമതിയുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തുകയുള്ളൂ.

**17.08.2018 ന് ശേഷം എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ സീറ്റുകൾ ഒഴിവുള്ള പക്ഷം അവ 2018 ആഗസ്റ്റ് 20, 21 തീയതികളിൽ മോപ്പ്-അപ്പ് കൗൺസലിംഗ് വഴി പ്രവേശന പരീക്ഷാ കമ്മീഷണർ നികത്തുന്നതാണ്. മോപ്പ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.**

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee.kerala.gov.in**, **www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭിക്കുന്നതാണ്.

ഹെൽപ്പ് ലൈൻ നമ്പരുകൾ: **0471 2332123, 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
06.08.2018

**പ്രവേശന പരീക്ഷാ കമ്മീഷണർ**